**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – ആശ്രയ പദ്ധതി – വണ്ടൂർ ഗ്രാമപഞ്ചായത്ത് ആശ്രയ ഗുണഭോക്താവായ ശ്രീമതി.തൊമ്മങ്ങാടൻ സീനത്തിന് സ്ഥലം വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി വകയിരുത്തിയിരിക്കുന്ന തുകകൾ ഒന്നിച്ച് നൽകുന്നതിന് വണ്ടൂർ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 800/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 19/03/2015.**

പരാമർശം: (1) 30.08.14 ലെ സ.ഉ. (സാധാ) നം.2287/2014/തസ്വഭവ നമ്പർ ഉത്തരവ്.

(2) ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിക്ക് ശ്രീമതി.തൊമ്മങ്ങാടൻ സീനത്ത്, തൊമ്മങ്ങാടൻ ഹൗസ്, പൂക്കളം, വണ്ടൂർ (പി.ഒ), മലപ്പുറം സമർപ്പിച്ച 09.03.15 ലെ നിവേദനം.

(3) വണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.03.15 ലെ കത്ത്.

(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.03.15 ലെ കെ.എസ്/എൽ/6581/2013 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ആശ്രയ ഗുണഭോക്താവായ ശ്രീമതി.തൊമ്മങ്ങാടൻ സീനത്ത്, തൊമ്മങ്ങാടൻ ഹൗസ്, പൂക്കളം, വണ്ടൂർ (പി.ഒ), മലപ്പുറം – ന് വണ്ടൂരിന് സമീപത്ത് 3 സെന്റ് സ്ഥലവും വീട്ടും ലഭ്യമായിട്ടുള്ളതിനാൽ വിധവയും വികലാംഗയായ മകളും ഉള്ള ടിയാൾക്ക് ആയതു വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയോട് ടിയാൾ അഭ്യർത്ഥിച്ചിരുന്നു. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു വാങ്ങുന്നതിനനുവദിച്ചിട്ടുള്ള ഒന്നര ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള രണ്ടര ലക്ഷം രൂപയും ചേർത്ത് നാല് ലക്ഷം രൂപ ഗുണഭോക്താവിന് ഒരുമിച്ച് നൽകാൻ പഞ്ചായത്തിന് അനുമതി നൽകണമെന്ന് പരാമർശം മൂന്ന് പ്രകാരം വണ്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ആയത് പരിഗണിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വണ്ടൂർ ഗ്രാമപഞ്ചായത്ത് ആശ്രയ ഗുണഭോക്താവായി തെരഞ്ഞെടുത്ത ശ്രീമതി.തൊമ്മങ്ങാടൻ സീനത്തിന് വസ്തു വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി അനുവദിച്ചിട്ടുള്ള തുക ഒന്നിച്ച് നൽകുന്നതിന് വണ്ടൂർ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

എൻ. വിശ്രുതൻ ആചാരി

ഗവ.അണ്ടർ സെക്രട്ടറി

ശ്രീമതി.തൊമ്മങ്ങാടൻ സീനത്ത്, തൊമ്മങ്ങാടൻ ഹൗസ്, പൂക്കളം, വണ്ടൂർ (പി.ഒ), മലപ്പുറം.

പ്രസിഡന്റ്/സെക്രട്ടറി, വണ്ടൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.